**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4317** **18-03-2025 - ൽ മറുപടിയ്ക്ക്**

**റോബോട്ടിക് ഹബ്ബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തെ രാജ്യത്തെ പ്രധാന റോബോട്ടിക് ഹബ്ബാക്കി മാറ്റുന്നതിനും റോബോട്ടിക് മേഖലയുടെ വിപുലമായ വികസനത്തിനും നിക്ഷേപത്തിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാന വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽപ്പെട്ടതാണ് "റോബോട്ടിക്സ്". ഈ മേഖലയുടെ പ്രചാരത്തിനായി അന്താരാഷ്ട്ര റോബോട്ടിക് റൗണ്ട് ടേബിൾ സംഗമം കഴിഞ്ഞ ഓഗസ്റ്റ് മാസം കൊച്ചിയിൽ നടത്തുകയുണ്ടായി. പ്രസ്തുത സംഗമത്തിൽ 190 -ൽ പരം കമ്പനികളും / സ്റ്റാർട്ടപ്പുകളും അവയുടെ പ്രതിനിധികളായി 700 ൽ പരം ഡെലിഗേറ്റുകളും പങ്കെടുത്തിരുന്നു. 31 എക്സിബിഷൻ സെന്ററുകളും റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺക്ലേവിന്റെ ഭാഗമായി ഏർപ്പെടുത്തിയിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ റോബോട്ടിക്സ് പാർക്ക് കെ.എസ്.ഐ.ഡി.സി. മുഖേന സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന വ്യവസായ നയത്തിൽ പ്രതിപാദിച്ചിട്ടുള്ള 18 ആനുകൂല്യങ്ങൾ റോബോട്ടിക്സ് മേഖലയ്ക്കും ബാധകമാണ്. |

സെക്ഷൻ ഓഫീസർ